ഉത്തരം

(എ,ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലയും 2000 നവംബർ 30-ലെ വിലയും താരതമ്യം ചെയ്ത സ്റ്റേറ്റ്മെന്റ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) ചില സാധനങ്ങൾക്ക് വില വർദ്ധിച്ചിട്ടുണ്ട്. ചിലതിനു വില കുറഞ്ഞിട്ടുണ്ട്. അരിയുടെ വില വർദ്ധനവ് കേന്ദ്രഗവൺമെന്റ് റേഷനരിയുടെ വില വർദ്ധിപ്പിച്ചതുകൊണ്ടും, ഡീസലിന്റെ വിലവർദ്ധനവും ഉൽപാദനമേഖലയിലെ മാറ്റങ്ങളും വിലവർദ്ധനവിന് കാരണമാണ്.

124 (143) ഭക്ഷ്യ സബ്സിഡിയിനത്തിൽ ചെലവഴിക്കുന്ന തുക

ശ്രീ. പി.രാജു :
ശ്രീ. പി.എസ്.സുപാൽ :
പ്രൊഫസർ മീനാക്ഷി തമ്പാൻ :
ശ്രീ. എം.അനിരുദ്ധൻ :
ശ്രീ. സി.എൻ. ജയദേവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ഇപ്പോൾ ലഭിക്കുന്ന പ്രതിമാസ ഭക്ഷ്യ ധാന്യവിഹിതം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) കേന്ദ്രസർക്കാർ ഭക്ഷ്യ സബ്സിഡി പിൻവലിക്കും മുമ്പ് ലഭിച്ചിരുന്ന കേന്ദ്രഭക്ഷ്യധാന്യ വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് റേഷൻകടകൾ വഴിയുള്ള ഭക്ഷ്യ ധാന്യ ഉപഭോഗം ഇപ്പോൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും മുകളിലുള്ളവർക്കുമായി സംസ്ഥാനസർക്കാർ ഭക്ഷ്യ സബ്സിഡിയിനത്തിൽ എത്ര രൂപ വീതം ചെലവഴിക്കുന്നുണ്ട്;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ഭക്ഷ്യസബ്സിഡിയിനത്തിൽ ചെലവഴിച്ച തുക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1,45,697 മെ.ടൺ അരിയും 37,720 മെ.ടൺ ഗോതമ്പും ഉൾപ്പെടെ 1,83,417 മെ.ടൺ ഭക്ഷ്യധാന്യം അലോട്ട്മെന്റ് കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് പ്രതിമാസം ലഭിക്കുന്നുണ്ട്.

(ബി) 1,45,320 മെ.ടൺ അരിയും 37720 മെ.ടൺ ഗോതമ്പും ഉൾപ്പെടെ ആകെ 183040 മെ.ടൺ ഭക്ഷ്യധാന്യം അലോട്ട്മെന്റ് ലഭിച്ചിരുന്നു.

(സി) 2000 നവംബർ മാസത്തെ റേഷൻ കടകൾ വഴിയുള്ള അരിയുടെയും ഗോതമ്പിന്റെയും ഉപഭോഗം യഥാക്രമം 36589 മെ.ടണ്ണും 2576.5 മെ.ടണ്ണും ആയിരുന്നു.

---

* അനുബന്ധം XXV

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് (17% കുടുംബങ്ങൾക്ക്) കിന്റലിന് 570.65 രൂപ പ്രകാരവും ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർക്ക് അരിയ്ക്കു കിന്റലിന് 190 രൂപയും എന്ന കണക്കിൽ ഈ വർഷം ആകെ 26,93,52,282 രൂപ സംസ്ഥാനസർക്കാർ സബ്സിഡിയിനത്തിൽ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഭക്ഷ്യ സബ്സിഡിയിനത്തിൽ ഈ ഗവൺമെന്റ് ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

1996-97	-	51,53,31,024.75 രൂപ
1997-98	-	82,08,71,408.36 രൂപ
1998-99	-	96,62,64,840.91 രൂപ
1999-2000	-	97,30,24,582.25 രൂപ
2000-2001 (1.4.2000-10/2000)	-	26,93,52,282.50 രൂപ
ആകെ	-	354,48,44,138.77 രൂപ

125 (144) മാവേലി സ്റ്റോറുകൾ

ശ്രീ. കെ.സി.വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര മാവേലിസ്റ്റോറുകൾ പുതിയതായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ആലപ്പുഴ നഗരത്തിൽ പുതിയതായി എത്ര മാവേലിസ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്;

(സി) മാവേലിസ്റ്റോറുകൾ വഴിയുള്ള അവശ്യവസ്തുക്കളുടെ വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ആലപ്പുഴ നഗരത്തിൽ പുതിയതായി മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 426 മാവേലിസ്റ്റോറുകൾ തുറക്കാൻ അനുവാദം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) മാവേലിസ്റ്റോറുകളിലൂടെയുള്ള വിതരണം കാര്യക്ഷമമാക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. താലൂക്ക് ഡിപ്പോകളിൽനിന്നും മാവേലിസ്റ്റോറുകളിലേക്ക് ആവശ്യമായത്ര സാധനങ്ങൾ തുടർച്ചയായി ലഭ്യമാക്കി വരുന്നു.

2. തിരക്ക് ഒഴിവാക്കി ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിന് പരമാവധി മാവേലിസ്റ്റോറുകളിൽ ബില്ലിംഗ് മെഷീനുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly